# കേരള സർവകലാശാല

നം.പി.ആർ.201/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഒക്ടോബർ 9 മുതൽ ആരംഭിക്കുന്ന ബി.എ/എസ്.ഡി.ഇ ബിരുദ (2017 അഡ്മിഷൻ) മൂന്നാം സെമസ്റ്റർ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 (സപ്ലിമെന്ററി/പാർട്ട് ടൈം) ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (സപ്ലിമെന്ററി ആന്റ് പാർട്ട് ടൈം) മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കെമിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (സപ്ലിമെന്ററി & പാർട്ട് ടൈം) എന്നീ ബ്രാഞ്ചുകളുടെ ലാബ്/പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 26 മുതൽ നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രങ്ങൾ

ഒക്ടോബർ 1 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ ഒക്ടോബർ 2019 പരീക്ഷയ്ക്ക് ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം, എസ്.എൻ കോളേജ്, കൊല്ലം എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രങ്ങൾ. എസ്.ഡി.ഇ പാളയം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരത്തു നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. എം.എസ്.എം കോളേജ്, കായംകുളം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

### പരീക്ഷാഫലം

2019 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി, പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2011 – 12 അഡ്മിഷന് മുൻപ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 3 വരെ അപേക്ഷിക്കാം. 2019 ജൂണിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 5 വരെ അപേക്ഷിക്കാം.

### തീയതി നീട്ടി

ഒന്നാം സെമസ്റ്റർ നവംബർ 2018 സി.ബി.സി.എസ്/കരിയർ റിലേറ്റഡ് ബി.എ/ബി.എ സ്.സി/ബി.കോം പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിന് ഓൺലൈനായി അപേക്ഷിക്കാനുള്ള തീയതി ഒക്ടോബർ 1 വരെ നീട്ടിയിരിക്കുന്നു.

## വിദൂര കോഴ്സുകൾക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2019 – 20 അദ്ധ്യയന വർഷത്തിലേക്ക് യു.ജി.സി അംഗീകൃത യു.ജി – പി.ജി പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ (എം.ബി.എ ഒഴികെ) സെപ്റ്റം ബർ 30 ന് അവസാനിക്കും. എം.ബി.എ പ്രോഗ്രാമിന് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 28. വിശദവിവരങ്ങൾ www.ideku.net എന്ന വെബ്സൈറ്റിൽ.

## ഫയൽ അദാലത്ത് മാറ്റി

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ സെപ്റ്റംബർ 26 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഫയൽ അദാലത്ത് മാറ്റി വെച്ചിരിക്കുന്നു. പുതു ക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫീസ്

ഒക്ടോബർ 14 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി. എസ് (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

തിരുവനന്തപുരം.
24.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ